ജമാൽ മലപ്പുറം

# വമിക്ക് പുതിയ ഭാരവാഹികൾ

**വേൾഡ്** അസംബ്ലി ഓഫ് മുസ്‌ലിം യൂത്ത്  എന്ന 'വമി'യുടെ പ്രസിഡന്റായി സുഊദി അറേബ്യയിലെ ഇസ്‌ലാമിക കാര്യ വകുപ്പ് മന്ത്രി സ്വാലിഹ് ബിൻ അബ്ദുൽ അസീസ് ആലു ശൈഖും വൈസ് പ്രസിഡന്റായി ഡോ. ഉമർ നസീഫും  ജനറൽ സെക്രട്ടറിയായി ഡോ. സ്വാലിഹ് അൽ വുഹൈബിയും തെരഞ്ഞെടുക്കപ്പെട്ടു. ഇന്തോനേഷ്യൻ തലസ്ഥാനമായ ജക്കാർത്തയിൽ സമ്മേളിച്ച



■ സ്വാലിഹ് ബിൻ അബ്ദുൽ അസീസ് ആലു ശൈഖ്



■ ഡോ. സ്വാലിഹ് അൽ വുഹൈബി

വാർഷിക ജനറൽ ബോഡി ഒക്ടോബർ 21നാണ് തെരഞ്ഞെടുപ്പ് നടത്തിയത്. 32 അംഗ സെക്രട്ടറിയേറ്റിനെയും തെരെഞ്ഞെടുത്തു. നാലു മാസം കൂടുമ്പോൾ ചേരുന്ന സെക്രട്ടറിയേറ്റാണ് വമിയെ ചലിപ്പിക്കുന്നത്. വമിയുടെ ആസ്ഥാനം സുഊദി അറേബ്യയുടെ തലസ്ഥാനമായ രിയാദിലായതിനാൽ പ്രസിഡന്റ് സ്ഥിരമായി സുഊദി പൗരനായിരിക്കണമെന്നാണ് വ്യവസ്ഥ. സുഊദിക്കകത്തും പുറത്തുമുള്ള യുവജന പ്രസ്ഥാനങ്ങളെയും സ്ഥാപനങ്ങളെയും പ്രതിനിധീകരിക്കുന്നതാണ് സെക്രട്ടറിയേറ്റ്.

## ബംഗ്ലാദേശ് എങ്ങോട്ട്?

1975 ജനുവരിയിൽ ബംഗ്ലാദേശ് പ്രസിഡന്റ് ശൈഖ് മുജീബുർറഹ്മാൻ ഭരണഘടന ഭേദഗതി ചെയ്ത് ഏക കക്ഷി ഭരണം നടപ്പിലാക്കുകയും ഇസ്‌ലാമിക കക്ഷികളെ നിരോധിക്കുകയും സെക്യുലരിസവും സോഷ്യലിസവും ഭരണഘടനയുടെ മൗലിക സിദ്ധാന്തമായി എഴുതിച്ചേർക്കുകയും ചെയ്തു. അതേ വർഷം ആഗസ്റ്റിൽ നടന്ന പട്ടാള വിപ്ലവത്തിൽ അദ്ദേഹം കൊല്ലപ്പെട്ടതിനെ തുടർന്ന് അധികാരത്തിൽ വന്ന സിയാഉർറഹ്മാൻ പ്രസ്തുത ഭേദഗതികൾ റദ്ദു ചെയ്ത് മതേതരത്വത്തിനും സോഷ്യലിസത്തിനും പകരം ദൈവവിശ്വാസവും സാമൂഹികനീതിയും എഴുതി ചേർത്തു. ഇസ്‌ലാമിക പാർട്ടികൾക്ക് പ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ചു. അതിനു ശേഷമാണ് സുഊദി അറേബ്യയും മറ്റു പല മുസ്‌ലിം രാഷ്ട്രങ്ങളും ബംഗ്ലാദേശിനെ അംഗീകരിച്ചതെന്ന് പോലും ചൂണ്ടിക്കാണിക്കപ്പെടുന്നു. 2008-ൽ നടന്ന തെരഞ്ഞെടുപ്പിൽ അവാമി ലീഗിന്റെ അധ്യക്ഷയും കൊല്ലപ്പെട്ട മുജീബുർറഹ്മാന്റെ മകളുമായ ശൈഖ് ഹസീന വൈര്യനിര്യാതന ബുദ്ധിയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പിതാവ് ജീവിച്ചിരിക്കുമ്പോഴത്തെ അവസ്ഥ പുനഃസ്ഥാപിക്കാൻ അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ നോക്കു.



■ *സിയാഉർറഹ്മാൻ*

1. 1975-ൽ ഭേദഗതി വരുത്തിയ 1972-ലെ ഭരണഘടന പുനഃസ്ഥാപിച്ചു. ദൈവ വിശ്വാസത്തിനു പകരം സെക്യുലരിസത്തെ വീണ്ടും കുടിയിരുത്തി.
2. ജമാഅത്തെ ഇസ്‌ലാമിക്കും മറ്റു ഇസ്‌ലാമിക സംഘടനകൾക്കും വിലക്കേർപ്പെടുത്തുന്നു.
3. ജമാഅത്തെ ഇസ്‌ലാമി അമീർ ശൈഖ് മുതീഉർറഹ്മാൻ നിസാമി, അസിസ്റ്റന്റ് അമീർ ശൈഖ് ദിൽവർ ഹുസൈൻ സഈദ്, ജനറൽ സെക്രട്ടറി അലി ഹസൻ മുഹമ്മദ് മുജാഹിദ് എന്നിവരെ അറസ്റ്റ് ചെയ്ത് അവരുടെ പ്രായം പോലും പരിഗണിക്കാതെ ശാരീരികമായും മാനസികമായും പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു.
4. പതിനായിരക്കണക്കിന് സാധാരണ പ്രവർത്തകരെ അറസ്റ്റ് ചെയ്ത് തുറുങ്കിലടച്ചു.
5. എല്ലാ പ്രബോധന സംരംഭങ്ങളും ഖുർആൻ പഠനകേന്ദ്രങ്ങളും നിർത്തലാക്കി.
6. സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ തഫ്ഹീമുൽ ഖുർആൻ ഉൾപ്പെടെയുള്ള മൗദൂദി കൃതികൾ നിരോധിച്ചു.
7. മാധ്യമങ്ങളിൽ സുഊദി അറേബ്യ പോലുള്ള മുസ്‌ലിം നാടുകളെ കരിവാരിത്തേക്കുന്നത് വർധിച്ചു.

ഹസീന ഭരണത്തിന്റെ വളരെ പ്രകടവും പ്രകോപനപരവുമായ ഇസ്‌ലാംവിരുദ്ധ നീക്കം ബംഗ്ലാദേശിന്റെ ഭാവിയെ കുറിച്ചു ആശങ്ക ജനിപ്പിക്കുന്നുണ്ട്. ഭരണാധികാരികളുടെ അഴിമതിക്കും കെടുകാര്യസ്ഥതക്കുമെതിരെയുള്ള നിഷേധ വോട്ടുകൾ അവാമിയുടെ പെട്ടികളിലിട്ടപ്പോൾ സാധാരണക്കാർ പ്രതീക്ഷിച്ചതായിരുന്നില്ല ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ.

## തത്തർസ്ഥാൻ ഇസ്‌ലാം ആശ്ലേഷദിനം ആചരിക്കുന്നു

മോസ്കോയിൽ നിന്ന് 800 കി. മീ. കിഴക്ക്  സോവിയറ്റ് യൂനിയന്റെ മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന ഒരു ചെറിയ റിപ്പബ്ലിക്കാണ് തത്തർസ്താൻ. ഏകദേശം 40 ലക്ഷമാണ് ജനസംഖ്യ. സുന്നി മുസ്‌ലിം ഭൂരിപക്ഷ പ്രദേശമായ അവിടത്തെ പാർലമെന്റ് അടുത്ത വർഷം മുതൽ മെയ് 21




തത്തർസ്താൻ ഇസ്‌ലാമാശ്ലേഷ ദിനമായി ആചരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ക്രി. 622 മെയ് 21-നായിരുന്നു ആ രാജ്യം ഇസ്‌ലാം സ്വീകരിച്ചത്. 98 അംഗ പാർലമെന്റിലൊ രംഗം മാത്രമാണ് തൽസംബന്ധമായ പ്രമേയത്തെ എതിർത്ത് വോട്ട് ചെയ്തത്. നേരത്തെ ഈദുൽ ഫിത്വർ ദേശീയ ഒഴിവ് ദിനമായി പ്രഖ്യാപിച്ചിരുന്നു ഈ മുൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്. മതസൗഹാർദം കാത്തുരക്ഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കുന്ന ഭരണകൂടം എല്ലാ ഔദ്യോഗിക പരിപാടികളിലും മുസ്‌ലിം മുഫ്തിയോടൊപ്പം ഓർത്തഡോക്സ് പത്രയാർക്കിസി നെയും ക്ഷണിക്കുന്നു.

## കോസോവയുടെ സ്വാതന്ത്ര്യം അംഗീകരിക്കുന്നു

2008 ഫെബ്രുവരി 17-ന് സ്വാതന്ത്ര്യം പ്രഖ്യാപിച്ച കോസോവയുടെ സ്വാതന്ത്ര്യത്തിന് പ്രായോഗിക തലത്തിൽ അംഗീകാരം നൽകാൻ അൽബേനിയൻ പ്രസിഡന്റ് യു.എൻ അംഗരാജ്യങ്ങളോട് അഭ്യർഥിച്ചു. ജനറൽ അസംബ്ലിയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഇക്കഴിഞ്ഞ സെപ്റ്റം മ്പർ 9-ന് ഐക്യരാഷ്ട്ര പൊതുസഭ ഏകാഭിപ്രായമായി പാസ്സാക്കിയ പ്രമേയം കോസോവയുടെ സ്വാതന്ത്ര്യത്തിന് അംഗീകാരം നൽകിയിരുന്നതാണ്.

## സ്വീഡനിൽ മുസ്‌ലിം പാർലമെന്റംഗം

സ്വീഡനിലെ ഇസ്‌ലാമിക് ലീഗിന്റെ പ്രസിഡന്റ് അബ്ദുർറസാഖ് വാബരി സ്വീഡിഷ് പാർലമെന്റിലേക്ക് നടന്ന തെരെഞ്ഞെടുപ്പിൽ വിജയിച്ചു. സ്വീഡനിലെ ഗുട്ടൻബർഗിൽ വിദ്യാഭ്യാസ ജനസേവന മേഖലകളിൽ സജീവമായി പ്രവർത്തിച്ചു വരുന്ന സോമാലിയക്കാരനായ വാബരി 2009-ലാണ് ഇസ്‌ലാമിക് ലീഗിന്റെ പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെടുന്നത്. വിദ്യാലയങ്ങളും ഇസ്‌ലാമിക കേന്ദ്രങ്ങളും പള്ളികളും നടത്തിവരുന്ന ഇസ്‌ലാമിക് ലീഗിന് സർക്കാർ അംഗീകാരമുണ്ട്.

## ഇറ്റാലിയൻ പ്രധാന മന്ത്രി മനസ്സ് തുറക്കുന്നു

താൻ തന്നെ ഒരു ഇസ്രയേലി ആയിട്ടാണ് കരുതുന്ന തെന്നും ഇസ്രയേലിന്റെ ആഭ്യന്തര സുരക്ഷയും ഒരു ജൂത രാഷ്ട്രമായി നിലനിൽക്കാനുള്ള അവകാശത്തിന്റെ സംരക്ഷ ണവും ഇറ്റലിയുടെ കൂടി ധാർമിക ബാധ്യതയാണെന്നും ഇറ്റാലിയൻ പ്രധാനമന്ത്രി സിൽവിയോ ബർലോസ്കോണി പ്രസ്താവിച്ചു. റോമിൽ നടന്ന ഒരു ഇസ്രയേൽ അനുകൂല പ്രകടനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേ ഹം. അതു സംഘടിപ്പിച്ച ഫ്രണ്ട്സ് ഓഫ് ഇസ്രയേലിന്റെ തലവനും മുൻ പ്രധാനമന്ത്രിയുമായ കുസെ മറിയ അസ്നർ



■ *നെതന്യാഹുവും ബർലോസ്കോണിയും*

പറഞ്ഞത് ഇസ്രയേൽ ഒരു മധ്യ പൗരസ്ത്യ ദേശ രാജ്യമല്ല, അവിടെ സ്ഥിതി ചെയ്യുന്ന ഒരു പാശ്ചാത്യ രാഷ്ട്രമാണ് എന്നാണ്!

## 'ടൈമി'ന്റെ മൂക്കുമുറി

താലിബാൻകാർ മൂക്ക് മുറിച്ചെന്ന് അവകാശപ്പെട്ട്, മുറി മൂക്കുകാരിയായ ആഇശ യുടെ ചിത്രം പ്രസിദ്ധീകരിച്ച അമേരിക്കൻ വാരികയായ *ടൈമി*നെതിരെ താലിബാൻ രംഗത്ത്. അവർ പ്രസിദ്ധീക രിച്ച ഒരു പ്രസ്താവനയിൽ, ആരോപണം കള്ളവും കൃത്രി മവുമാണെന്ന് വാദിക്കുന്നു. തെളിയിക്കാൻ *ടൈമി*നെ വെല്ലുവിളിച്ചിട്ടുമുണ്ട്. ഇത്തരം ചിത്രങ്ങൾ പ്രസിദ്ധീ കരിക്കുന്നത് വേദനാജന കവും അധാർമികവുമാണെന്ന് താലിബാൻ വ്യക്തമാക്കി.




## മുഖാവരണ നിരോധത്തോട് അവരെങ്ങനെ പ്രതികരിക്കുന്നു

മുസ്‌ലിം സ്ത്രീകൾ പൊതു സ്ഥലത്ത് മുഖാവരണം ധരിക്കുന്നതിന് ഔദ്യോഗിക വിലക്കുള്ള ഫ്രാൻസിൽ നടന്ന ഒരു സർവേയിൽ പങ്കെടുത്തവരിൽ അമ്പതു ശതമാനം പേരും നിയമത്തിന് വഴങ്ങാൻ തീരുമാനിച്ചിരിക്കുന്നു. ഇരു പതു ശതമാനത്തിന്റെ തീരുമാനം ഫ്രാൻസ് വിട്ടുപോകാനാ ണ്. പൊതു രംഗങ്ങൾ ഒഴിവാക്കി കഴിവതും വീട്ടിനകത്ത് തന്നെ കഴിയാമെന്നാണ് ബാക്കി മുപ്പതു ശതമാനത്തിന്റെ തീരുമാനം. ഫ്രാൻസിലെ നഗരപ്രാന്ത പരിരക്ഷണ സമിതിയാണ് സർവേ നടത്തിയത്. ■